വിഷൻ
2031

# ധനകാര്യവകുപ്പ്

## നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും



# ആമുഖം



എൽ.ഡി.എഫ് സർക്കാർ പത്താം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഒരു പതിറ്റാണ്ട് കാലംകൊണ്ട് കേരളത്തിന്റെ വികസന ക്ഷേമ മണ്ഡലങ്ങളിൽ അഭൂതപൂർവ്വമായ മാറ്റം സൃഷ്ടിക്കാൻ ഒന്നും രണ്ടും പിണറായി സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്. വളരെ കൃത്യമായ ആസൂത്രണത്തോടെയും ലക്ഷ്യബോധത്തോടെയും നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിരിക്കുന്നു. കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനമേഖലയിലും വ്യവസായ മേഖലയിലും ഉന്നതവിദ്യാഭ്യാസ ഗവേഷണമേഖലയിലും വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ക്ഷേമരംഗത്ത് സമാനതകളില്ലാത്ത മാറ്റങ്ങൾ നാം സൃഷ്ടിച്ചു.

കേരളത്തിന്റെ വികസന മുന്നേറ്റങ്ങളെ അന്താരാഷ്ട്ര ഏജൻസികൾ തന്നെ അംഗീകരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഭാഗമായ കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ ഏറ്റവും പുതിയ റിപ്പോർട്ടിൽ കേരളത്തിന്റെ സാമ്പത്തികരംഗം മികച്ച നിലയിലാണെന്ന് ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ധനപരമായ ഞെരുക്കം നാം നേരിടുന്നു എന്നത് യാഥാർത്ഥ്യവുമാണ്. അതിന്റെ കാരണം കേന്ദ്രം കേരളത്തിനുമേൽ ചുമത്തുന്ന സാമ്പത്തിക ഉപരോധമാണ്. അർഹമായ സംസ്ഥാനവിഹിതം നിഷേധിച്ചും അർഹതപ്പെട്ട കടമെടുപ്പുപോലും അന്യായമായി തടഞ്ഞും കേരളത്തിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ കേന്ദ്രം പിടിമുറിക്കിയിരിക്കുന്നു. ഈ സവിശേഷമായ ഘട്ടത്തിലും ചെലവുകൾ വെട്ടിച്ചുരുക്കാതെയും സാധ്യമാകുംവിധം എല്ലാ ജനങ്ങളിലേക്കും സർക്കാരിന്റെ സേവനങ്ങളും സഹായവുമെത്തിച്ചും നാം മുന്നോട്ടുപോകുകയാണ്.

സംസ്ഥാനത്തിന്റെ തനതുവരുമാനത്തിൽ വലിയ വളർച്ചയുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു. എന്നാൽ കേന്ദ്രവിഹിതത്തിലും കടപരിധിയിലും ഉണ്ടായ വെട്ടിക്കുറവുമൂലം ആ നേട്ടത്തിന്റെ പൂർണ്ണ പ്രയോജനം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഈ വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് വിഴിഞ്ഞം തുറമുഖവും തെക്ക്-വടക്ക് ദേശീയപാതവികസനവും ഉൾപ്പെടെയുള്ള വൻകിട വികസന പദ്ധതികളും 60 ലക്ഷം പേർക്ക് ക്ഷേമപെൻഷനും 5 ലക്ഷത്തിലധികം പേർക്ക് അടച്ചുറപ്പുള്ള സൗജന്യ ഭവനങ്ങളും 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 3 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഉൾപ്പെടെയുള്ള പദ്ധതികളും നാം നടപ്പിലാക്കുന്നത്.

കേരളത്തിന്റെ വളർച്ചയ്ക്കുവേണ്ട സാമ്പത്തിക പശ്ചാത്തലമൊരുക്കുക എന്ന ഏറെ വെല്ലുവിളിനിറഞ്ഞ ദൗത്യമാണ് സംസ്ഥാന ധനവകുപ്പ് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തോട് കേന്ദ്രം പുലർത്തുന്ന പ്രതിലോമകരമായ സമീപനം രാജ്യത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും സുപ്രീം കോടതിയിൽ അർഹമായ സാമ്പത്തികവിഹിതം ആവശ്യപ്പെട്ടുകൊണ്ട് കേസു നൽകാനും നാം മുൻകൈയ്യെടുത്തു. ഇപ്പോൾ ജിഎസ്ടി നിരക്കുകൾ പുനഃക്രമീകരിച്ചതിലൂടെയും അമേരിക്ക ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കമേലുള്ള നികുതി വർദ്ധിപ്പിച്ചതിലൂടെയും പുതിയ വെല്ലുവിളികളും നമുക്ക് നേരിടേണ്ടിവരുന്നു. ഇതിനിടയിലും സംസ്ഥാനത്തിന്റെ ഉത്തമമായ ഭാവിയ്ക്ക് വേണ്ടുന്ന പദ്ധതികളിൽ ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടുകളും ഉണ്ടാവാതിരിക്കാൻ പ്രത്യേകശ്രദ്ധ ധനവകുപ്പ് നൽകിയിട്ടുണ്ട്.

കേരളത്തിന്റെ ഭാവിസംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആ കാഴ്ചപ്പാടുകൾ ഇടതുപക്ഷത്തിന്റെ പ്രകടനപത്രികയിലും സംസ്ഥാനത്തിന്റെ ബജറ്റുപ്രസംഗങ്ങളിലും വ്യക്തമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്ക് നാം അടുക്കുകയാണ്. 2031-ൽ കേരളത്തിന് 75 വയസ്സ് പൂർത്തിയാകുന്ന ഘട്ടത്തിൽ വികസനം എപ്രകാരമാകണം എന്നത് സംബന്ധിച്ച ആശയങ്ങൾ ശേഖരിക്കുന്നതിനാണ് **വിഷൻ 2031** എന്ന പേരിൽ കേരളസർക്കാർ സെമിനാറുകൾ സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ ഭാവിയ്ക്ക് **വിഷൻ 2031** ദിശാബോധം നൽകുമെന്ന് തീർച്ചയാണ്.

സ്നേഹപൂർവ്വം

**കെ. എൻ. ബാലഗോപാൽ**

# വളരുന്ന സമ്പദ്‌വ്യവസ്ഥ ; മുന്നേറുന്ന കേരളം

സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉപരോധം കേന്ദ്രസർക്കാരിൽ നിന്നും നേരിടുന്ന കാലഘട്ടത്തിലൂടെയാണ് സർക്കാർ കടന്നുപോകുന്നത്. അർഹമായ സംസ്ഥാനവിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചുമെല്ലാം കേന്ദ്രം നമ്മളെ ബുദ്ധിമുട്ടിക്കുകയാണ്. ഈ സാഹചര്യത്തിലും സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും മികച്ച നിലയിൽ സാമ്പത്തികാസൂത്രണം നടപ്പിലാക്കിയും നാം മുന്നോട്ടുപോകുന്നു. കേരളത്തിന്റെ തനത് വരുമാനം നടപ്പുവർഷം ഒരു ട്രില്യൺ രൂപയിലേക്ക് (ഒരു ലക്ഷം കോടി) എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന ബജറ്റിന്റെ വലുപ്പം രണ്ട് ട്രില്യൺ രൂപ (രണ്ട് ലക്ഷം കോടി) കടക്കുന്നു. ഒന്നാം പിണറായി സർക്കാരിന്റെ അഞ്ചുവർഷത്തെ ശരാശരി പ്രതിവർഷ ചെലവ് **1.17 ലക്ഷം കോടി** രൂപയും രണ്ടാം പിണറായി സർക്കാരിന്റേത് **1.64 ലക്ഷം കോടി** രൂപയുമാണ്. സർക്കാർ ഖജനാവിൽ നിന്നും പ്രതിവർഷം ചെലവഴിക്കുന്ന പണത്തിൽ നാല് വർഷം കൊണ്ട് മാത്രം 40 ശതമാനത്തിലധികം വർദ്ധനവുണ്ടായി. സംസ്ഥാനത്തിന്റെ കടം കുറഞ്ഞു. മൂലധന ചെലവും വിവിധ മേഖലകളിൽ ചെലവഴിച്ച പണവും വർദ്ധിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചാനിരക്ക് 2024-25 ൽ 9.97 ശതമാനമാണ്. മുൻവർഷമിത് 9.3 ശതമാനമായിരുന്നു. 2024-25ൽ കേന്ദ്രത്തിന്റെ വളർച്ചാനിരക്ക് 9.8 ശതമാനമാണ്. ആഭ്യന്തര ഉൽപ്പാദന വളർച്ചയിൽ കേരളം മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

### ജി.എസ്.ഡി.പി / ജി.ഡി.പി വളർച്ചാനിരക്ക് (ശതമാനത്തിൽ)

പട്ടിക.1

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|
| കേരളം | 12.97 | 10.51 | 12.36 | 3.13 | -5.07 | 19.79 | 12.36 | 9.30 | 9.97 |
| കേന്ദ്രം | 11.8 | 11.0 | 10.6 | 6.4 | -1.2 | 18.9 | 14.0 | 12.0 | 9.8 |

# കേരളത്തിന്റെ വരുമാനവും കേന്ദ്ര വിഹിതവും

കേരളത്തിന്റെ തനത് വരുമാനവും ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതവും ഗ്രാന്റ്-ഇൻ എയ്ഡും സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളുടെ വസൂലാക്കലും കടമെടുക്കുന്ന തുകയും കൂടി ചേരുന്നതാണ് നമ്മുടെ ആകെവരുമാനം.

തനത് വരുമാനം എന്നതിൽ തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും ഉൾപ്പെടും. നികുതി-നികുതിയേതര വരുമാനത്തിൽ മികച്ച വർദ്ധനവാണ് നമുക്ക് കൈവരിക്കാനായത്. എന്നാൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് നൽകേണ്ട ഏറ്റവും അർഹമായ വിഹിതത്തിൽ വലിയ വെട്ടിക്കുറവാണ് കുറേ വർഷങ്ങളായി വരുത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ അർഹമായ കടമെടുപ്പ് പരിധിയിലും വെട്ടിക്കുറവ് വരുത്തുകയാണ്.

കേന്ദ്രത്തിന്റെ ഈ നടപടികൾ സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉപരോധമാണ് കേന്ദ്രം നമുക്ക് മുന്നിൽ തീർത്തിരിക്കുന്നത്. 2017 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപവും ട്രഷറി സേവിംഗ്സ് നിക്ഷേപവും ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ മിച്ചവും ബജറ്റിന് പുറത്തുനിന്ന് ധനംസമാഹരിച്ച് പ്രവർത്തിക്കുന്ന കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പകളും സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കി കടപരിധി വെട്ടിക്കുറയ്ക്കുകയുണ്ടായി. കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കേന്ദ്രസർക്കാർ കേരളത്തിന് അർഹമായ കടമെടുപ്പിൽനിന്നുമാത്രം വെട്ടിക്കുറച്ചത് **1,15,301 കോടി രൂപ**യാണ്. കൂടാതെ ഈവർഷം പുതുതായി കൊണ്ടുവന്ന നിബന്ധനകൾ പ്രകാരം ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ പേരിൽ 3300 കോടി രൂപ വെട്ടിക്കുറച്ചു.

കേന്ദ്രം സംസ്ഥാനത്തിന് കൈമാറുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ കുത്തനെയുള്ള കുറവാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആകെ റവന്യു വരുമാനത്തിന്റെ 5.57 ശതമാനം മാത്രമായി ഗ്രാന്റ് ഇൻ എയ്ഡ് ചുരുങ്ങിയിരിക്കുന്നു. 2011-12 മുതലുള്ള ഗ്രാന്റ് ഇൻ എയ്ഡിന്റെ കണക്കുകൾ പരിശോധിച്ചാൽ കേന്ദ്രസഹായത്തിലുണ്ടാകുന്ന കുറവ് മനസ്സിലാക്കാനാകും. (പട്ടിക.2).


# സംസ്ഥാനത്തിന്റെ ആകെ റവന്യു വരുമാനവും

## കേന്ദ്രം നൽകുന്ന ഗ്രാന്റ് ഇൻ എയ്ഡും

പട്ടിക. 2

| സാമ്പത്തിക വർഷം | ആകെ റവന്യു വരുമാനം | കേന്ദ്രം നൽകുന്ന ഗ്രാന്റ് ഇൻ എയ്ഡ് | ശതമാനം |
|---|---|---|---|
| 2011-12 | 38010 | 3709 | 9.76 |
| 2012-13 | 44137 | 3022 | 6.85 |
| 2013-14 | 49177 | 4138 | 8.41 |
| 2014-15 | 57951 | 7508 | 12.96 |
| 2015-16 | 69033 | 8921 | 12.92 |
| 2016-17 | 75612 | 8510 | 11.25 |
| 2017-18 | 83020 | 8528 | 10.27 |
| 2018-19 | 92855 | 11389 | 12.27 |
| 2019-20 | 90225 | 11235 | 12.45 |
| 2020-21 | 97617 | 31068 | 31.83 |
| 2021-22 | 116640 | 30017 | 25.73 |
| 2022-23 | 132725 | 27378 | 20.63 |
| 2023-24 | 124486 | 12068 | 9.69 |
| 2024-25 | 124861 | 6960 | 5.57 |

### തനത് വരുമാനവും കേന്ദ്ര ഗ്രാന്റും




ചാർട്ട്. 1

# വരുമാനം കൂടുന്നോ ? കുറയുന്നോ ?

വിൽപനനികുതി കാലഘട്ടത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന എല്ലാ നികുതി അധികാരങ്ങളും ജിഎസ്ടി ഇല്ലാതാക്കി. 8 വർഷം പിന്നിട്ടിട്ടും **GST** സമ്പ്രദായത്തിലെ സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണനിലയിലായിട്ടില്ല. ഇതു മൂലം IGST യിലടക്കം വലിയ വരുമാനനഷ്ടം സംസ്ഥാനം നേരിടേണ്ടിവരുന്നു. ഈ വർഷം മാത്രം IGSTസെറ്റിൽമെന്റിന്റെ പേരിൽ നമുക്ക് അർഹതപ്പെട്ട 965 കോടി രൂപ വെട്ടിക്കുറച്ചു. നികുതിപിരിവിന്റെ അധികാരവുമായി ബന്ധപ്പെട്ട് ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം തനതുവരുമാനം വർദ്ധിപ്പിക്കാനായി പരിശ്രമിക്കുന്നത്. നികുതി, നികുതിയേതര വരുമാനത്തിൽ മികച്ച വർദ്ധനവുണ്ടാക്കാനാകുന്നു. നടപ്പുസാമ്പത്തികവർഷാവസാനം നമ്മുടെ തനത് വരുമാനം ഒരു ട്രില്യൺ (ഒരു ലക്ഷം കോടി) രൂപയായി വർദ്ധിക്കും.

## കേരളത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം

പട്ടിക.3

| സാമ്പത്തിക വർഷം | തനത് നികുതി വരുമാനം | തനത് നികുതിയേതര വരുമാനം | ആകെ തനത് വരുമാനം |
|---|---|---|---|
| 2011-12 | 25719 | 2592 | 28311 |
| 2012-13 | 30077 | 4199 | 34276 |
| 2013-14 | 31995 | 5575 | 37570 |
| 2014-15 | 35233 | 7284 | 42517 |
| 2015-16 | 38995 | 8425 | 47420 |
| 2016-17 | 42176 | 9700 | 51876 |
| 2017-18 | 46460 | 11200 | 57660 |
| 2018-19 | 50644 | 11783 | 62427 |
| 2019-20 | 50323 | 12265 | 62588 |
| 2020-21 | 47661 | 7327 | 54988 |
| 2021-22 | 58341 | 10462 | 68803 |
| 2022-23 | 71968 | 15118 | 87086 |
| 2023-24 | 74329 | 16346 | 90675 |
| 2024-25 | 76642 | 16487 | 93129 |
| 2025-26(BE) | 91515 | 19146 | 110661 |

# കേരളത്തിന്റെ കടം ജിഎസ്ഡിപി അനുപാതം


ഗവൺമെന്റുകളുടെ കടം വിലയിരുത്തുന്നത് കടം - ജി.എസ്.ഡി.പി അനുപാതത്തിലാണ്. കേരളത്തിന്റെ ഇപ്പോഴത്തെ കടം - ജി.എസ്.ഡി.പി അനുപാതം **34.87 ശതമാനമാണ്**. കേന്ദ്ര ഗവൺമെന്റിന്റെ കടം - ജി.എസ്.ഡി.പി അനുപാതമാകട്ടെ **56.07 ശതമാനമാണ്.**

## സംസ്ഥാനത്തിന്റെ കടം – ജിഎസ്ഡിപി അനുപാതം

പട്ടിക. 4

| സാമ്പത്തിക വർഷം | ജി.എസ്.ഡി.പി | ആകെ കടം | പൊതു കടം | പൊതുകടം – ജി.എസ്.ഡി.പി അനുപാതം | ആകെ കടം – GSDP അനുപാതം |
|---|---|---|---|---|---|
| 2020-21 | 771723.89 | 296900.85 | 199681.72 | 25.87% | 38.47% |
| 2021-22 | 924465.42 | 335641.16 | 219974.54 | 23.79% | 36.31% |
| 2022-23 | 1038734.06 | 362191.88 | 238000.96 | 22.91% | 34.87% |
| 2023-24 | 1135371.56 | 391934.23 | 267989.98 | 23.60% | 34.52% |
| 2024-25 | 1248533.01 | 435313.65 | 310015.86 | 24.83% | 34.87% |

ചാർട്ട്. 2



കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2022-23 ലെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ പൊതുകടത്തിന്റെ കണക്കെടുത്താൽ **15-ാം** സ്ഥാനത്താണ് കേരളം. കേന്ദ്ര സർക്കാരിന്റെ ഭാഗമായ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ കടം കുറയുകയാണ്. സാമ്പത്തികനിലയാകട്ടെ മെച്ചപ്പെടുകയും ചെയ്യുന്നു. ഒരു വർഷം മുൻപ് വസ്തുതകൾ പൂർണ്ണമായി പരിശോധിക്കാതെ '**നവകേരളകടം**' എന്ന് തലക്കെട്ടെഴുതിയ മലയാള മനോരമ '**അപകടകരമല്ല കേരളത്തിന്റെ കടം**' എന്ന് വാർത്ത നൽകിയത് ഏറെ സ്വാഗതാർഹമാണ്.

## കടം കുറയുന്ന കേരളം

2026-ൽ രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്തിന്റെ കടം **4.71 ലക്ഷം കോടി** ആകുമെന്നാണ് കണക്കാക്കപ്പെടുന്നത്. കേരള സംസ്ഥാനത്തിന്റെ കടത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓരോ സർക്കാരും അധികാരത്തിൽ കയറുമ്പോഴുള്ള കടത്തിന്റെ ഏകദേശം ഇരട്ടിയായിരിക്കും സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോഴുണ്ടാകുക. അതുപ്രകാരം ഈ സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ ന്യായമായും ഉണ്ടാകേണ്ടുന്ന കടം 6 ലക്ഷത്തോളം കോടി രൂപയാണ്. അതായത് 1,20,000 കോടി രൂപയുടെ കടം കുറഞ്ഞിരിക്കുന്നു. ആ തുക കൂടി കടമെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തികഞെരുക്കം പൂർണ്ണമായും ഇല്ലാതാകുമായിരുന്നു.

പട്ടിക. 5

### സംസ്ഥാനത്തിന്റെ ആകെ കടം

| വർഷം | കടം (കോടിയിൽ) | ഓരോ അഞ്ചുവർഷം കൂടുമ്പോഴുമുള്ള കടത്തിന്റെ വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 78,673 | 71.32% |
| 2015-16 | 1,57,370 | 100 % |
| 2020-21 | 2,96,901 | 88.66 % |
| 2025-26 ബജറ്റ് എസ്റ്റിമേറ്റ് | 4,81,998 | 62.34 % |

പട്ടിക. 6

## സംസ്ഥാനങ്ങളുടെ പൊതുകടം

| സ്ഥാനം | സംസ്ഥാനം | പൊതുകടം മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ശതമാനത്തിൽ |
|---|---|---|
| 1. | പഞ്ചാബ് | 40.35 |
| 2. | നാഗാലാന്റ് | 37.15 |
| 3. | പശ്ചിമബംഗാൾ | 33.70 |
| 4. | ഹിമാചൽപ്രദേശ് | 33.06 |
| 5. | ബീഹാർ | 32.58 |
| 6. | മേഘാലയ | 31.44 |
| 7. | മണിപ്പൂർ | 31.00 |
| 8. | അരുണാചൽപ്രദേശ് | 30.72 |
| 9. | രാജസ്ഥാൻ | 28.63 |
| 10. | ആന്ധ്രാപ്രദേശ് | 27.65 |
| 11. | ഹരിയാന | 27.40 |
| 12. | ഗോവ | 26.28 |
| 13. | തമിഴ്നാട് | 25.73 |
| 14. | ഉത്തർപ്രദേശ് | 25.14 |
| 15. | കേരളം | 24.71 |

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ 2025 സെപ്റ്റംബർ 4-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയ 2022-23 വർഷത്തെ പൊതുകടത്തിന്റെ കണക്ക്.)

കേരളത്തിന്റെ കടം കുറയുന്നു എന്നുമാത്രമല്ല, നമ്മുടെ സമ്പദ് വ്യവസ്ഥ ദൃഢീകരിക്കപ്പെടുകയും ചെയ്യുകയാണ് എന്നാണ് കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തെ കണക്കുകളാണ് മുകളിൽ നൽകിയതെങ്കിൽ ഇപ്പോഴത്തെ കണക്കുകൾ കുറച്ചുകൂടി മെച്ചപ്പെട്ടതാണ്.

## സംസ്ഥാനത്തിന്റെ ചെലവിനത്തിൽ സർവ്വകാല റെക്കോർഡ്

കഴിഞ്ഞ പത്ത് വർഷമായി സംസ്ഥാനത്തെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നത് റിക്കോർഡ് തുകയാണ്. ആധുനിക റോഡുകൾ, പാലങ്ങൾ, ഐ.ടി പാർക്കുകൾ, വ്യവസായ പാർക്കുകൾ, ദേശീയ പാത, ഗെയിൽ പൈപ്പ് ലൈൻ, വാട്ടർ മെട്രോ, കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, ആധുനിക സ്കൂൾ കെട്ടിടങ്ങൾ, ആരോഗ്യ മേഖലയിലെ വൻകിട നിർമ്മാണങ്ങളും സൗകര്യങ്ങളും തുടങ്ങി അടിസ്ഥാനസൗകര്യ വികസന രംഗത്ത് ലക്ഷക്കണക്കിന് കോടി രൂപയുടെ പ്രവർത്തനങ്ങൾ സർക്കാർ പൂർത്തിയാക്കി.

പട്ടിക.7

| സാമ്പത്തിക വർഷം | ആകെ ചെലവ് | ശരാശരി (തുക കോടിയിൽ) | സർക്കാരുകൾ |
|---|---|---|---|
| 2011-12 | 50,896.08 | 68,028.83 | ഉമ്മൻചാണ്ടി സർക്കാർ |
| 2012-13 | 59,228.18 | | |
| 2013-14 | 66,244.01 | | |
| 2014-15 | 76,744.12 | | |
| 2015-16 | 87,031.76 | | |
| 2016-17 | 1,02,382.55 | 1,17,191.92 | ഒന്നാം പിണറായി സർക്കാർ |
| 2017-18 | 1,10,237.81 | | |
| 2018-19 | 1,20,069.82 | | |
| 2019-20 | 1,14,384.95 | | |
| 2020-21 | 1,38,884.49 | | |
| 2021-22 | 1,63,225.53 | 1,63,830.47 | രണ്ടാം പിണറായി സർക്കാർ |
| 2022-23 | 1,58,738.43 | | |
| 2023-24 | 1,59,506.51 | | |
| 2024-25 | 1,73,851.41 | | |


60 ലക്ഷത്തിലധികം പേർക്ക് ക്ഷേമപെൻഷൻ, 42 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യ ചികിത്സ, 5 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ അടച്ചുറപ്പുള്ള ഭവനം, കേരളത്തിലെ മുഴുവൻ അതിദരിദ്ര കുടുംബങ്ങളെയും സംരക്ഷിക്കാനുള്ള അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി, തുടങ്ങി സാമൂഹ്യസുരക്ഷാ രംഗത്തും ക്ഷേമരംഗത്തും സമാനതകളില്ലാത്ത പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള - പെൻഷൻ പരിഷ്കരണത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തവും ഈ സർക്കാർ നിർവ്വഹിച്ചു.

രണ്ടാം പിണറായി സർക്കാരിന്റെ പ്രതിവർഷ ശരാശരി ചെലവ് **1.64 ലക്ഷം കോടി രൂപ**യാണ്. ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ അത് **1.71 ലക്ഷം കോടി** രൂപയായി വർദ്ധിക്കും. അതായത് **8.55 ലക്ഷം കോടി** രൂപയാകും സർക്കാർ ആകെ ഖജനാവിൽ നിന്നും ചെലവഴിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ പ്രതിവർഷ ശരാശരി ചെലവ് **1.17 ലക്ഷം കോടി** രൂപയും ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് **0.68 കോടി രൂപ**യുമായിരുന്നു. ഗണ്യമായ വർദ്ധനവാണ് സംസ്ഥാനത്തിന്റെ ചെലവിനത്തിൽ ഉണ്ടായിരിക്കുന്നത്.

## നൂറ് രൂപ ചെലവിൽ 82 - ഉം കണ്ടെത്തുന്നത് സംസ്ഥാനം

കേരളത്തിലെ ആകെ പൊതു ചെലവിന്റെ **81.75 ശതമാനവും** സംസ്ഥാനം സ്വന്തമായി കണ്ടെത്തുകയാണ്. കേന്ദ്രവിഹിതം വെറും **18.25** ശതമാനമായി ചുരുങ്ങിയിരിക്കുന്നു. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളുടെയും ആകെ ചെലവിന്റെ 40 മുതൽ 60 ശതമാനം വരെ കേന്ദ്രത്തിൽ നിന്നുള്ള വിഹിതങ്ങളാണ്. കേരളത്തിൽ നിന്ന് കേന്ദ്രം പിരിച്ചുകൊണ്ടുപോകുന്ന ഒരു രൂപയിൽ നിന്ന് നമുക്ക് മടക്കി നൽകുന്നത് 25 പൈസ മാത്രമാണെന്ന കണക്കുകൾ ചില ദേശീയ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. എന്നാൽ ഇതേ സ്ഥാനത്ത് ബീഹാറിന് **7 രൂപ 6 പൈസയും** ഉത്തർപ്രദേശിന് **2 രൂപ 73 പൈസ**യുമാണ് കേന്ദ്രസർക്കാർ നൽകുന്നത്.

കേരളത്തിലെ മികച്ച ജീവിതനിലവാരവും മാനവവികസന സൂചകങ്ങളും കേന്ദ്രവിഭവങ്ങൾ വീതംവെയ്ക്കുമ്പോൾ നമുക്ക് പ്രതികൂലമായി വർത്തിക്കുകയുമാണ്. കേരളം നേരിടുന്ന രണ്ടാംനിര വികസന പ്രശ്നങ്ങൾ മനസ്സിലാക്കി, അതിനനുസൃതമായ പ്രാതിനിധ്യം പദ്ധതികളിലും സഹായങ്ങളിലും അനുവദിക്കണമെന്ന് ധനകാര്യകമ്മീഷനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.




## ചെലവിലെ കേന്ദ്ര സംസ്ഥാന വിഹിതം


പട്ടിക. 8

| സാമ്പത്തിക വർഷം | ആകെ ചെലവ് | കേന്ദ്ര വിഭവ കൈമാറ്റം | ആകെ ചെലവിൽ കേന്ദ്ര വിഹിതത്തിന്റെ ശതമാനം |
|---|---|---|---|
| 2016-17 | 102382.55 | 23735.36 | 23.18% |
| 2017-18 | 110237.82 | 25360.92 | 23.01% |
| 2018-19 | 120069.81 | 30427.13 | 25.34% |
| 2019-20 | 114384.94 | 27636.31 | 24.16% |
| 2020-21 | 138884.48 | 42628.68 | 30.69% |
| **2021-22** | **163225.53** | **47837.21** | **29.31%** |
| **2022-23** | **158738.42** | **45638.53** | **28.75%** |
| **2023-24** | **159506.51** | **33811.18** | **21.20%** |
| **2024-25** | **173851.40** | **31732.25** | **18.25%** |

# രണ്ട് ട്രില്യൺ ബജറ്റ്

2025 ഫെബ്രുവരിയിൽ അവതരിപ്പിച്ച ബജറ്റ് 2 ലക്ഷം കോടി രൂപയുടേതായിരുന്നു. കേരളത്തിന്റെ ബജറ്റ് വലുപ്പം രണ്ട് ട്രില്യണിലേക്ക് എത്തുന്നു എന്നത് നമ്മുടെ സാമ്പത്തിക വളർച്ചയുടെ വേഗം വ്യക്തമാക്കുന്നു.

ചാർട്ട്. 3




സർക്കാർ കൂടുതൽ കൂടുതൽ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന്റെയും വികസന, ക്ഷേമപ്രവർത്തനങ്ങളിൽ ഇടപെടുന്നതിന്റെയും തെളിവാണ് വർദ്ധിച്ചുവരുന്ന പൊതുചെലവിൽ നിന്ന് മനസ്സിലാക്കേണ്ടത്. നവലിബറൽ നയങ്ങളുടെ പിൻബലം പറ്റി സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കി പൊതുചെലവുകൾ കുറയ്ക്കാൻ നിർബന്ധിതമാക്കുന്ന കേന്ദ്ര സമീപനങ്ങൾക്കുള്ള മറുപടിയാണ് കേരളത്തിന്റെ ഈ നേട്ടം.

## കേന്ദ്രം വെട്ടിക്കുറയ്ക്കുന്ന ധനവിഹിതങ്ങൾ

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ആകെ നികുതി വരുമാനത്തിന്റെ **62.7 ശതമാനവും** കേന്ദ്രം എടുക്കുകയാണ്. എന്നാൽ രാജ്യത്തെ ആകെ പൊതു ചെലവിന്റെ **62.4 ശതമാനം** നിർവ്വഹിക്കുന്നത് സംസ്ഥാനങ്ങളും **37.6 ശതമാനം** കേന്ദ്രവുമാണ്. ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങളെത്തന്നെ ലംഘിക്കുന്ന നടപടിയാണിത്.

സംസ്ഥാനങ്ങൾക്ക് വീതം വെയ്ക്കുന്ന നികുതി ഭാഗത്തിൽ (ഡിവിസിബിൾ പൂൾ) നിന്ന് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന വിഹിതം ഓരോ തവ


ണയും വെട്ടിക്കുറയ്ക്കുകയാണ്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് രാജ്യത്ത് ആകെ വീതം വെയ്ക്കുന്ന ഡിവിസിബിൾ പൂളിന്റെ **3.875 ശതമാനം** കേരളത്തിന് ലഭിച്ചിരുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലത്ത് അത് **2.5 ശതമാനമായും** പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് **1.925 ശതമാന മായും** വെട്ടിക്കുറച്ചു. പ്രതിവർഷം പതിനായിരക്കണക്കിന് കോടി രൂപയുടെ നഷ്ടമാണ് ഇതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്നത്.

പട്ടിക. 9

## ഡിവിസിബിൾ പൂളിലെ കുറവ്

| ധനകാര്യ കമ്മീഷനുകൾ | നികുതി വിഹിതത്തിന്റെ ശതമാനം |
|---|---|
| 10–ാം ധനകാര്യ കമ്മീഷൻ | 3.875 |
| 11–ാം ധനകാര്യ കമ്മീഷൻ | 3.057 |
| 12–ാം ധനകാര്യ കമ്മീഷൻ | 2.665 |
| 13–ാം ധനകാര്യ കമ്മീഷൻ | 2.341 |
| 14–ാം ധനകാര്യ കമ്മീഷൻ | 2.500 |
| 15–ാം ധനകാര്യ കമ്മീഷൻ | 1.925 |

ചാർട്ട്. 4



## മൂലധന ചെലവ്

സംസ്ഥാനത്ത് മൂലധന നിക്ഷേപമായി ഒന്നും രണ്ടും പിണറായി സർക്കാരുകൾ നീക്കിവെച്ചത് 1,25,032.77 കോടി രൂപയാണ്. ഈ സർക്കാരിന്റെ കാലത്ത് നാലുവർഷംകൊണ്ട് മാത്രം 68,600.45 കോടി രൂപയുടെ മൂലധന ചെലവുകൾ നിർവ്വഹിച്ചു.

പട്ടിക.10

| സർക്കാരുകൾ | | മൂലധന ചെലവ് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 29,689.37 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 56,432.32 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 68,600.45 |

## എല്ലാവർക്കും ക്ഷേമം... എല്ലാവർക്കും വികസനം...

സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളിലെല്ലാം ഒന്നും രണ്ടും പിണറായി സർക്കാരുകൾ വലിയ നിലയിൽ പണം ചെലവഴിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത്, ഭക്ഷ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മേഖലകളിലെല്ലാം ഏറ്റവും മികച്ച പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തു. ഓരോ മേഖലയിലും ചെലവഴിച്ച പണത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

## ആരോഗ്യമേഖലയ്ക്ക് നൽകിയത്

പട്ടിക.11

| സർക്കാരുകൾ | | നൽകിയത് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 18,825.44 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 36,655.06 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 45,255.17 |

# ക്ഷേമ പെൻഷൻ

സംസ്ഥാനത്തെ 60 ലക്ഷത്തിലധികം പേർക്ക് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നു. 1600 രൂപ വീതം പെൻഷൻ നൽകുന്നതിനായി പ്രതിവർഷം 11,000 കോടി രൂപയിലധികമാണ് സർക്കാർ ചെലവഴിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്തെ 16 മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക ഉൾപ്പെടെ പിണറായി സർക്കാർ കൊടുത്തു തീർത്തു.

കഴിഞ്ഞ നാലരവർഷത്തിനിടയിൽ ഏകദേശം 43,000 കോടി രൂപയാണ് ക്ഷേമപെൻഷൻ നൽകുന്നതിനായി സർക്കാർ വിനിയോഗിച്ചത്. രണ്ടാം പിണറായി സർക്കാരിന്റെ കാലാവധി പൂർത്തിയാകുമ്പോഴേക്കും ക്ഷേമ പെൻഷൻ ഇനത്തിൽ മാത്രം 50,000 കോടി രൂപ സർക്കാർ ചെലവഴിക്കും. ഓണക്കാലത്ത് രണ്ടുഗഡു ക്ഷേമപെൻഷനായ 3200 രൂപ തിരുവോണത്തിന് രണ്ടാഴ്ച മുൻപേ തന്നെ ജനങ്ങളുടെ കൈകളിലെത്തിച്ചു.

പട്ടിക.12

| സർക്കാരുകൾ | | നൽകിയത് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 10700.50 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 35089.19 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 1/2 വർഷം) | 42811.28 |

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത്

പട്ടിക.13

| സർക്കാരുകൾ | | നൽകിയത് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 31,845.71 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 43,096.57 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 45,083.59 |

## കെ.എസ്.ആർ.ടി.സിയ്ക്ക് നൽകിയ സഹായം

നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സിയ്ക്ക് പ്രതിമാസം സംസ്ഥാന ഖജനാവിൽ നിന്നും 120 കോടി രൂപ നൽകിവരുന്നു. കഴിഞ്ഞ കുറേ മാസങ്ങളായി യാതൊരു മുടക്കവുമില്ലാതെ ഒന്നാം തീയതി തന്നെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുകയാണ്. കെ.എസ്.ആർ.ടി.സിയെ ഇപ്പോഴുള്ള സ്ഥിതിയിൽ നിന്നും കരകയറ്റാനുള്ള മറ്റ് സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്.

പട്ടിക.14

| സർക്കാരുകൾ | | നൽകിയ സഹായം (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 1466.79 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 5002.13 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 7829.71 |

## വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയത്

പട്ടിക.15

| സർക്കാരുകൾ | | നൽകിയത് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 58,525.99 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 90,136.13 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 92,827.27 |

## ഭക്ഷ്യ – പൊതുവിതരണത്തിന് നൽകിയത്

പട്ടിക.16

| സർക്കാരുകൾ | | നൽകിയത് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 5,194.98 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 (കോവിഡ് കാലത്ത് കിറ്റ് നൽകിയത് ഉൾപ്പെടെ) | 11,942.58 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 9,304.83 |

## കാർഷിക മേഖലയ്ക്ക് നൽകിയത്

പട്ടിക.17

| സർക്കാരുകൾ | | മൂലധന ചെലവ് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻ ചാണ്ടി സർക്കാർ 2011 – 16 | 10,026.76 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 14,600.59 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 10,341.25 |

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് നൽകിയത്

പട്ടിക.18

| സർക്കാരുകൾ | | മൂലധന ചെലവ് (തുക കോടിയിൽ) |
|---|---|---|
| UDF | ഉമ്മൻചാണ്ടി സർക്കാർ 2011 – 16 | 18,959.01 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 23,854.56 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 24 (4 വർഷം) | 20,335.49 |

## കിഫ്ബിയ്ക്ക് നൽകിയത്

സംസ്ഥാന ബജറ്റിന് പുറത്തുനിന്ന് പണം സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ കിഫ്ബി വഴി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. നാളിതുവരെ കിഫ്ബിയിലൂടെ **69,941 കോടി** രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. **37026.50 കോടി രൂപ** കിഫ്ബി പ്രവൃത്തികൾക്കായി ഇതിനകം നൽകിക്കഴിഞ്ഞു. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് മാത്രം ഇതുവരെ കിഫ്ബി പദ്ധതികൾക്കായി **26527.5 കോടി രൂപ** നൽകിയിട്ടുണ്ട്.

## നിയമനങ്ങളിൽ ഒന്നാമത്

രാജ്യത്തെ ആകെ സർക്കാർ നിയമനങ്ങളിൽ കേരളമാണ് ഒന്നാം സ്ഥാനത്ത്. ഇന്ത്യയിലെ ആകെ നിയമനങ്ങളുടെ 60 ശതമാനവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടക്കുന്നത്. രാജ്യത്ത് ആകെ പൊതുമേഖലകൾ സ്വകാര്യവൽക്കരിക്കപ്പെടുകയും സർക്കാർ തൊഴിലുകൾ വെട്ടിച്ചുരുക്കപ്പെടുകയും ചെയ്യുമ്പോഴും കേരളത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയാണ്. ഒന്നും രണ്ടും പിണറായി സർക്കാരുകൾ ഒൻപതര വർഷം കൊണ്ട് **മൂന്ന് ലക്ഷത്തോളം** ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി. പുതുതായി **32,000** തസ്തികകൾ സൃഷ്ടിച്ചു.

പട്ടിക.19

| സർക്കാരുകൾ | | PSC നിയമനങ്ങൾ |
|---|---|---|
| UDF | ഉമ്മൻചാണ്ടി സർക്കാർ 2011 – 16 | 1,49,000 |
| LDF | ഒന്നാം പിണറായി സർക്കാർ 2016 – 21 | 1,61,268 |
| LDF | രണ്ടാം പിണറായി സർക്കാർ 2021 – 25 (21.05.2021 മുതൽ 30.09.2025 വരെ) | 1,36,076 |

# ഓണത്തിന് 20,000 കോടി രൂപ

ഇക്കഴിഞ്ഞ ഓണം പരാതികളില്ലാത്തതായിരുന്നു. സമസ്തമേഖലയിലും സർക്കാർ പണമെത്തിച്ചു. ഇരുപതിനായിരം കോടി രൂപയാണ് ഖജനാവിൽ നിന്നും വിപണിയിലേക്കെത്തിയത്. സർക്കാർ ജീവനക്കാർക്ക് ബോണസും ഉത്സവബത്തയും അഡ്വാൻസും അനുവദിച്ചു. കരാർ സ്കീം തൊഴിലാളികൾ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ സ്കൂൾ പാചക തൊഴിലാളികൾ, ലോട്ടറി തൊഴിലാളികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങൾക്കും ഉത്സവാനുകൂല്യങ്ങൾ എത്തിച്ചു. മാവേലി സ്റ്റോറും ത്രിവേണി സ്റ്റോറും ഹോർട്ടികോർപ്പ് പച്ചക്കറി ശാലകളും റേഷൻകടകളുമെല്ലാം ഏറ്റവും സജീവമായി. നാടാകെ സന്തോഷത്തിന്റെയും സമൃദ്ധിയുടെയും അന്തരീക്ഷം സജീവമായി. സർക്കാരിനെ പൊതുവെ വിമർശിക്കുന്ന മാധ്യമങ്ങൾ പോലും ഇത്തവണത്തെ ഓണത്തെക്കുറിച്ച് അഭിനന്ദനവാക്കുകൾ ചൊരിഞ്ഞു.



# മെഡിസെപ്

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി സംസ്ഥാന സർക്കാർ പ്രതിമാസം 500 രൂപ പ്രീമിയത്തിൽ നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ 11 ലക്ഷത്തിലധികം അംഗങ്ങളാണുള്ളത്. അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമുൾപ്പെടെ 30 ലക്ഷത്തിലധികം ആളുകൾ മെഡിസെപിന്റെ ഗുണഭോക്താക്കളാണ്. അംഗമാകാനും ചികിത്സ ലഭിക്കാനും പ്രായപരിധിയോ പ്രീ-മെഡിക്കൽ പരിശോധനകളോ ഇല്ലാത്ത മെഡിസെപിൽ പ്രതിവർഷം 3 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ ലഭിക്കും. 3 വർഷം

MEDISEP
MEDICAL INSURANCE FOR STATE EMPLOYEES AND PENSIONERS

കൊണ്ട് **10,89,791** ക്ലെയിമുകളിലായി **1964.74 കോടി രൂപ**യാണ് ജീവനക്കാർക്ക് മെഡിസെപ്പിലൂടെ അനുവദിച്ചത്. അവയവമാറ്റം ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങളുടെ ചികിത്സകൾക്കായി കോർപ്പസ് ഫണ്ടിൽ നിന്നും **2275** കേസുകളിലായി **70.56** കോടി രൂപയും അനുവദിച്ചു.

# കഴിഞ്ഞ ഒൻപതര വർഷക്കാലം ധനകാര്യവകുപ്പും അനുബന്ധ വകുപ്പുകളും സ്ഥാപനങ്ങളും കൈവരിച്ച നേട്ടങ്ങൾ

## സംസ്ഥാന ജി.എസ്.ടി വകുപ്പ്

- ചരക്കുസേവന നികുതി നിയമത്തിന് അനുസൃതമായി വകുപ്പിൽ സമഗ്രമായ പുനഃസംഘടന നടപ്പിൽ വരുത്തിയ ആദ്യ സംസ്ഥാനമായി കേരളം. ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം എന്നിങ്ങനെ വകുപ്പിനെ മൂന്നായി തിരിക്കുകയും നികുതി ഭരണം കാര്യക്ഷമമാക്കുകയും ചെയ്തു.
- സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് ആരംഭിക്കുകയും സെൻട്രൽ റീഫണ്ട് പ്രോസസിംഗ് ഫോർമേഷൻ, ഫെയ്സ്‌ലെസ് അഡ്ജ്യൂഡിക്കേഷൻ എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തു.

KERALA GST
State Goods & Services Tax

- വിവിധങ്ങളായ കുടിശ്ശിക തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കി. 2024-ലെ ആംനസ്റ്റി പദ്ധതിയിലൂടെ 50,000 രൂപയിൽ താഴെയുള്ള ഇരുപതിനായിരത്തിലധികം ചെറുകിട വ്യാപാരികളുടെ കുടിശ്ശികകൾ ഒഴിവാക്കി നൽകുകയുണ്ടായി.

- വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നികുതിഭരണം നടപ്പിലാക്കുകയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനം കൃത്യമായി നൽകുകയും ചെയ്തു.
- ജിഎസ്ടി കൗൺസിൽ സെക്രട്ടേറിയറ്റിലെ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരള ജിഎസ്ടി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം രാജ്യത്ത് ഒന്നാം സ്ഥാനം നേടി.
- രാജ്യത്ത് ആദ്യമായി സംസ്ഥാനത്തെ 22 പ്രധാന അന്തർ സംസ്ഥാന ഹൈവേകളിൽ ഇന്റലിജൻസ് എ.എൻ.പി.ആർ അടിസ്ഥാനമാക്കിയുള്ള കേന്ദ്രീകൃത ക്യാമറ നിരീക്ഷണ സംവിധാനം നടപ്പിലാക്കി. ഇത് നികുതിവെട്ടിപ്പ് തടയുന്നതിനും ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായകരമായി.

## സംസ്ഥാന ട്രഷറി വകുപ്പ്

- സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ട്രഷറി വകുപ്പിൽ നടപ്പിലാക്കി.
- ട്രഷറി അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലൂടെ 9 വർഷത്തിനിടയിൽ 52 ട്രഷറി കെട്ടിടങ്ങൾ നിർമ്മിച്ചു.
- 21 കോടി ചെലവിൽ തിരുവനന്തപുരം പട്ടത്ത് ട്രഷറി വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിച്ചു.
- സംസ്ഥാനത്തെ മുഴുവൻ സർക്കാർ ജീവനക്കാർക്കും ശമ്പളം e-TSB സംവിധാനത്തിലൂടെ ലഭ്യമാക്കി. ട്രഷറി വകുപ്പിലെ മുഴുവൻ ഓഫീസുകളിലും ഇ - ഓഫീസ് സംവിധാനം നടപ്പിലാക്കി.
- സംസ്ഥാനത്ത് ആദ്യമായി സോളാർ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന യു.പി.എസ് ട്രഷറി വകുപ്പിൽ സ്ഥാപിച്ചു. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി XDR, WAF, തടസ്സമില്ലാത്ത നെറ്റ്‌വർക്ക് ഉറപ്പുവരുത്തുന്നതിനായി SD WAN, വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി നെറ്റ്‌വർക്ക് സപ്പോർട്ട് ടീം, പുതുക്കിയ സെൻട്രൽ സെർവർ തുടങ്ങിയവ സജ്ജമാക്കി.

- ജീവനക്കാർക്ക് മികവുറ്റ തരത്തിലുള്ള പരിശീലനം നൽകിവരുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

- ത്രിതല പഞ്ചായത്ത് നഗരസഭകളുടെ ഓഡിറ്റ് കാലികമാക്കി.
- ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്യുന്നതിനായി ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) കൂടുതൽ ഓഡിറ്റ് മേഖലകളിലേക്ക് വ്യാപിപ്പിച്ചു. AIMS 2.0 എന്ന ആധുനികവൽക്കരിച്ച പതിപ്പ് വികസിപ്പിക്കാൻ തീരുമാനിച്ചു.
- ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ ഓഡിറ്റ് വകുപ്പിനായി സ്റ്റാറ്റ്യൂട്ടറി പരിശീലന കേന്ദ്രം.

## കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

- കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനവിഹിതം 60 ശതമാനമായി ഉയർത്തി.
- 2023 വിഷു ബമ്പർ ടിക്കറ്റ് മുതൽ ബമ്പർ ടിക്കറ്റുകളുടെ സമ്മാനഘടനയിൽ മാറ്റം വരുത്തുകയും ആകെ സമ്മാനങ്ങളുടെ എണ്ണം ഇരട്ടിയിലധികമാക്കുകയും ചെയ്തു.
- തിരുവോണം ബമ്പറിന്റെ ഒന്നാം സമ്മാനം 25 കോടിയും മറ്റു ബമ്പറുകളുടേത് കുറഞ്ഞത് 10 കോടി രൂപയുമാക്കി.
- എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും ഒന്നാം സമ്മാനം ഒരു കോടി രൂപയായി ഉയർത്തി ദിനം തോറും ഒരു കോടീശ്വരനെ സൃഷ്ടിക്കുന്നു.
- കേരള പേപ്പർ ലോട്ടറീസ് റെഗുലേഷൻ റൂൾസ് 2005 ഭേദഗതി ചെയ്ത് ഭിന്നശേഷിക്കാരായ ഏജന്റുമാർക്ക് ഏജൻസി പുതുക്കൽ ഫീസ്, പിഴ എന്നിവ ഒഴിവാക്കി നൽകി.

- ഭിന്നശേഷിക്കാർ, മുതിർന്നപൗരന്മാർ, വിധവകൾ, സ്ത്രീകൾ, ട്രാൻസ്ജെൻഡർമാർ തുടങ്ങി പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കും 300-ൽ താഴെ ടിക്കറ്റെടുക്കുന്ന ഏജന്റുമാർക്കും ടിക്കറ്റ് ലഭ്യത ഉറപ്പാക്കുന്നതിനായി കോമൺ പൂൾ റിസർവ്വ് സംവിധാനം നടപ്പിലാക്കി.
- ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിയ്ക്ക് ടിക്കറ്റ് സംരക്ഷിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.
- ലോട്ടറി ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ ബോണസ് 6000 രൂപയിൽ നിന്ന് 7500 രൂപയായും ഉത്സവബത്ത 2000 രൂപയിൽ നിന്ന് 2750 രൂപയായും വർദ്ധിപ്പിച്ചു.
- ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ ഭിന്നശേഷിക്കാരായ അംഗങ്ങൾക്ക് 205 ട്രൈ സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചു. 167 ട്രൈസ്കൂട്ടറുകൾ വിതരണം ചെയ്തു.
- ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല, യൂണിഫോം എന്നിവ വിതരണം ചെയ്തു. ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി.
- ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ ഭവനരഹിതരായ 160 പേർക്ക് വീടുകൾ വച്ചുനൽകി. ക്ഷേമനിധി ബോർഡിലെ വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും വിവാഹ ചെലവിനായി 25,000 രൂപ, പ്രസവാനുകൂല്യമായി 10,000 രൂപ, ചികിത്സാ സഹായമായി 50,000 രൂപ എന്നിവ നൽകിവരുന്നു.

## സംസ്ഥാന ഇൻഷുറൻസ് വകുപ്പ്

- വരിസംഖ്യയിൽ വർദ്ധനവില്ലാതെ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിലെ മരണാനന്തര നഷ്ടപരിഹാര തുക ഇരട്ടിയാക്കി.
- കോവിഡ് കാലത്ത് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് റേഷൻ ഷോപ്പ് ഡീലർമാർക്കും സപ്ലൈകോ ഔട്ട്ലെറ്റ് ജീവനക്കാർക്കും മുൻഗണന നൽകിക്കൊണ്ട് കോവി-ലൈഫ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി.

- കുടുംബശ്രീ മിഷനുമായി സഹചരിച്ച് 4.2 ലക്ഷം അയൽക്കൂട്ടം അംഗങ്ങളെ ഉൾപ്പെടുത്തി ഒരുമ സാമൂഹിക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. 14 ലക്ഷം അംഗങ്ങൾ ഇന്നീപദ്ധതിയുടെ ഭാഗമാണ്. നിലവിൽ അയ്യായിര ത്തോളം അപേക്ഷകളിന്മേൽ 14 കോടിയോളം രൂപയുടെ നഷ്ടപരിഹാരം ഇൻഷുറൻസ് വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്.
- സർക്കാർ ജീവനക്കാരുടെ ഇൻഷുറൻസ് പദ്ധതിയായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീമിൽ അപകടം മൂലമല്ലാതെ മരണപ്പെടു ന്നവരുടെ കുടുംബാംഗങ്ങൾക്കും 5 ലക്ഷം രൂപ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.
- ക്ഷീരകർഷകർക്ക് ഗോസമൃദ്ധി പദ്ധതി
- കാർഷികകർമ്മസേനാംഗങ്ങൾക്ക് കരുതൽ പദ്ധതി.

## ദേശീയ സമ്പാദ്യപദ്ധതി വകുപ്പ്

- സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കിടയിൽ സമ്പാദ്യശീലവും മിത വ്യയശീലവും വളർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ സ്റ്റുഡന്റ് സേവിംഗ്സ് സ്കീമിൽ 07.10.2025 വരെ 6269 സ്കൂളുകളിലായി 4,67,138 വിദ്യാർത്ഥികൾ അംഗങ്ങളാകുകയും 17,87,91,266 രൂപ സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്.
- 2024-25 സാമ്പത്തികവർഷത്തിൽ ചെറുകിട നിക്ഷേപ സമാഹരണ മേഖ ലയിൽ മൊത്ത നിക്ഷേപമായി 28,981.8 കോടി രൂപയും മിച്ച നിക്ഷേപമായി 6701 കോടി രൂപയും സംസ്ഥാനത്തുനിന്നും സമാഹരിച്ചു.
- 2025 ഏപ്രിൽ മാസം വരെ ഒന്നും രണ്ടും പിണറായി സർക്കാരുകളുട കാലത്ത് 2058.18 കോടി രൂപ ഏജന്റുമാരുടെ പ്രതിഫലമായി അനുവദി ച്ചു. 1943 ഏജന്റുമാർക്കുള്ള പെൻഷൻ ഇനത്തിൽ 4.07 കോടി രൂപയും പെൻഷൻ ക്ലോഷർ അനുവദിക്കുന്നതിനായി 53.97 ലക്ഷം രൂപയും അനു വദിച്ചു.

## കെ.എസ്.എഫ്.ഇ

- കെ.എസ്.എഫ്.ഇയുടെ വാർഷിക ബിസിനസ്സ് ഒരു ലക്ഷം കോടി രൂപയിലേക്ക് വളർന്നു. 2016-ൽ 28,960 കോടി രൂപയായിരുന്ന ബിസിനസ്സാണ് 2025-ൽ 1.04 ലക്ഷം കോടിരൂപയായി മാറിയത്.
- രാജ്യത്ത് ഒരുലക്ഷത്തിലധികം കോടി രൂപയുടെ വാർഷിക ബിസിനസ്സ് നേട്ടം കൈവരിച്ച ആദ്യത്തെ മിസലേനിയസ് നോൺബാങ്കിംഗ് കമ്പനിയായി കെ.എസ്.എഫ്.ഇ മാറി.
- കെ.എസ്.എഫ്.ഇയുടെ അംഗീകൃത മൂലധനം 250 കോടി രൂപയായും അടച്ചുതീർത്ത മൂലധനം 200 കോടി രൂപയായും ഉയർത്തി.
- കഴിഞ്ഞ 9 വർഷത്തിനിടെ 88 ശാഖകളും 20 മൈക്രോ ശാഖകളും ഉൾപ്പെടെ 108 കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ പുതുതായി ആരംഭിച്ചു.
- കഴിഞ്ഞ 9 വർഷത്തിനിടയിൽ 5276 പേർക്ക് കെ.എസ്.എഫ്.ഇയിൽ നിയമനം നൽകി.
- കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയിലൂടെ കുട്ടികളുടെ ഓൺലൈൻ വിദ്യാഭ്യാസത്തിനായി കോവിഡ് കാലത്ത് ലാപ്ടോപ്പുകൾ വിതരണം ചെയ്തു.
- വിവിധ സമാശ്വാസപദ്ധതികളിലൂടെ 1156 കോടി രൂപയുടെ പലിശയിളവ് ഇടപാടുകാർക്ക് നൽകുകയുണ്ടായി.

## കെ.എഫ്.സി

- സംരംഭകർക്ക് രണ്ടു കോടിയിൽ താഴെ വായ്പ 5 ശതമാനം പലിശ നിരക്കിൽ നൽകുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയിലൂടെ 3183 സംരംഭങ്ങൾക്ക് 1121 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായി ഏതാണ്ട് 82,700 തൊഴിലവസരങ്ങൾ ഇതിലൂടെ സൃഷ്ടിച്ചു.

- കെ.എഫ്.സി സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതിയിലൂടെ 77 കമ്പനികൾക്കായി 97.72 കോടി രൂപ വായ്പയായി നൽകി.
- മൈസ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി 50 കോടി രൂപവരെ വായ്പ ലഭ്യമാക്കുന്ന കെ.എഫ്.സി ടൂറിസം ഡെവലപ്മെന്റ് ലോൺ സ്കീം പ്രഖ്യാപിച്ചു.
- സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായങ്ങൾക്ക് 5 കോടി രൂപവരെ ചെലവിൽ യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി മെഷിനറി വായ്പാ പദ്ധതി കെ.എഫ്.സി വഴി നടപ്പിലാക്കുന്നു.

കേരള സർക്കാർ

ധനകാര്യ വകുപ്പ്

കേരള സർക്കാർ

ധനകാര്യ വകുപ്പ്

കേരള സർക്കാർ
ധനകാര്യ വകുപ്പ്

